"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ വകുപ്പ് - ശ്രീമതി സബിയ പി.പി പ്രഥമാധ്യാപിക, ജി.യു.പി.എസ്, എരുമക്കൊല്ലി - അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.5724/2026/GEDN   തീയതി,തിരുവനന്തപുരം, 05-09-2026

---

പരാമർശം:-

1. വയനാട് ഡി.ഡി.ഇ.-യുടെ 17.11.2023-ലെ DDEWYD/1278/2022-A5 നമ്പർ ഉത്തരവ്.
2. 01.04.2024 ലെ സ.ഉ (സാധാ) നം.2505/2024/പൊവിവ
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/5/2024 തീയതിയിലെ ഡി.ജി.ഇ/19401/2023-VA4 നം കത്ത്
4. 16.01.2025 ലെ DA2/152/2024 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
5. 31.01.2026 ലെ സ.ഉ.(സാധാ) നം.925/2026/പൊവിവ.
6. ശ്രീമതി സാബിയ പി.പി സമർപ്പിച്ച 24.02.2025-ലെ പ്രതിവാദപത്രിക
7. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.06.2025 ലെ ഡി.ജി.ഇ/ 19401/2023-VA4 നം കത്ത് പ്രകാരം ലഭ്യമാക്കിയ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ എരുമക്കൊല്ലി ജി.യു.പി.എസ് സ്കൂളിൽ എൽ.പി.എസ്.ടി/സീനിയർ അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി അനീഷ ബി.എസ് പ്രധാനാധ്യാപികയുടെ ചാർജ്ജ് നിർവ്വഹിച്ചിരുന്ന കാലയളവിൽ ടി സ്കൂളിലെ സഹപ്രവർത്തകരിൽ നിന്നും പണപ്പിരിവ്

നടത്തിയതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിന്റേയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണത്തിന്റേയും അടിസ്ഥാനത്തിൽ, ടിയാൾ ഗുരുതരമായ കുറ്റകൃത്യം ചെയ്തിട്ടുണ്ടെന്ന് സർക്കാർ കണ്ടെത്തുകയും അന്വേഷണ വിധേയമായി ടിയാളെ എരുമക്കൊല്ലി ഗവ.യു.പി.സ്കൂളിൽ നിന്നും സ്ഥലം മാറ്റുന്നതിനും നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അപ്രകാരം പരാമർശം (1) ഉത്തരവ് പ്രകാരം ടിയാളെ വയനാട് വട്ടുവഞ്ചാൽ ഗവ. ഹയർസെക്കന്ററി സ്കൂളിലെ എൽ.പി.എസ്.ടി തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് ഉടൻ പ്രാബല്യത്തിൽ സ്ഥലംമാറ്റി നിയമിച്ചിരുന്നു. ടിയാളെ വിടുതൽ ചെയ്ത വിവരവും ജോലിയിൽ പ്രവേശിച്ച വിവരവും പ്രധാനാധ്യാപകൻ സമയബന്ധിതമായി അറിയിക്കേണ്ടതാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. 2022-23 അധ്യയന വർഷത്തിൽ ശ്രീമതി അനീഷ ബി.എസ്.-നെ എരുമക്കൊല്ലി ഗവ. യു.പി.എസ്.-ൽ നിന്നും വട്ടുവൻചാൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിലേക്ക് സ്ഥലംമാറ്റി നിയമിച്ചുകൊണ്ടുള്ള ഉത്തരവ് 18.11.2023-ന് എരുമക്കൊല്ലി ഗവ. യു.പി സ്കൂൾ പ്രധാനാധ്യാപികയായിരുന്ന ശ്രീമതി സബിയ പി.പി. കൈപ്പറ്റിയിരുന്നു. പ്രസ്തുത ഉത്തരവ് ലഭിച്ചതിനുശേഷം ശ്രീമതി അനീഷ ബി.എസ്.-നെ സ്കൂളിൽ നിന്നും യഥാസമയം വിടുതൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചതായാണ് ആരോപണം. കൂടാതെ, തുടർന്നുള്ള ദിവസങ്ങളിൽ ടിയാൾക്ക് അവധി അനുവദിച്ചതും സ്ഥലംമാറ്റ ഉത്തരവ് നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടയാക്കിയതായി കണ്ടെത്തിയിട്ടുണ്ട്.

2. ടി സ്കൂളിൽ നിന്നും കുറ്റാരോപിതയായ സീനിയർ അസിസ്റ്റന്റ് ശ്രീമതി അനീഷ ബി.എസ്-നെ വിടുതൽ ചെയ്യുന്നതിന് പകരം ചട്ടവിരുദ്ധമായി സഹായിച്ചതിനാൽ ശ്രീമതി സബിയ പി.പി-യ്ക്കെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുവാൻ പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.

3. എന്നാൽ ശ്രീമതി സബിയ പി 31.03.2024 ൽ സർവീസിൽ നിന്നും വിരമിച്ചതിനാൽ ടിയാൾക്കെതിരെ സർക്കാർ തലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുവാൻ പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

4. മേൽ ആരോപണങ്ങളുമായി ബന്ധപ്പെട്ട് പരാമർശം (4) പ്രകാരം കെ.എസ്.ആർ. ഭാഗം III ചട്ടം 3(b) പ്രകാരമുള്ള 16.01.2025-ലെ DA2/152/2024 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും ശ്രീമതി സബിയ പി.പി.-ക്ക് നൽകിയിരുന്നു. ടിയാൾ കുറ്റപത്രത്തിന് സമർപ്പിച്ച

വിശദീകരണവും മറ്റ് ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിനുശേഷം, ആരോപണങ്ങളുടെ വസ്തുതകൾ സംബന്ധിച്ച് ഔപചാരിക അന്വേഷണം നടത്തുന്നതിനായി പരാമർശം (5) പ്രകാരം ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും ടിയാൻ ടി ഔപചാരിക അന്വേഷണ റിപ്പോർ ട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ/ചാർജ്ജുകളിന്മേൽ കാരണം വ്യക്തമാക്കികൊണ്ടുള്ള റിപ്പോർട്ട് എന്നിവ ചുവടെ ചേർക്കുന്നു.

i. വയനാട് ജില്ലയിൽ വൈത്തിരി ഉപജില്ലയിലാണ് ജി.യു.പി.എസ് എരുമക്കൊല്ലി സ്കൂൾ സ്ഥിതി ചെയ്യുന്നത്. വയനാട് ജില്ലയിലെ മേപ്പാടി എന്ന സ്ഥലത്ത് നിന്നും ചെമ്പ്ര മലയിലേക്ക് പോകുന്ന വഴിക്ക് 8 കി.മി. യാത്ര ചെയ്ത് വേണം സ്കൂളിൽ എത്താൻ. മേപ്പാടിയിൽ നിന്നും സ്കൂളിലേക്ക് എത്താൻ ജീപ്പിനെയാണ് ജീവനക്കാർ ആശ്രയിക്കുന്നത്. സ്കൂൾ സ്ഥിതി ചെയ്യുന്നത് മലയോര മേഖലയിൽ വന്യമൃഗ ശല്യം അനുഭവിക്കുന്ന മേഖലയിലാണ്.

ii. 18/11/2023 (ശനി) വൈത്തിരി എ.ഇ.ഒ ഓഫീസിൽ നിന്നും അനീഷ ബി.എസ്. എന്ന അധ്യാപികയുടെ സ്ഥലംമാറ്റ ഉത്തരവ് കൈപ്പറ്റിയ ശ്രീമതി. സബിയ പി.പി 19.11.2023 ന് ഉത്തരവ് നൽകിയെങ്കിലും വിടുതൽ ചെയ്യുന്നതിന് വീഴ്ച വരുത്തിയിട്ടുണ്ട്. സ്കൂളിലെ ഔദ്യോഗിക റെക്കോർഡുകൾ പരിശോധിച്ചതിൽ നിന്നും 20.11.2023, 21.11.2023 എന്നീ തീയതികളിൽ സി.എൽ (Casual Leave) രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമായിട്ടുണ്ട്.

iii. എന്നാൽ ഈ ദിവസങ്ങൾ Leave other than' രജിസ്റ്ററിൽ CML (Commuted Medical Leave) ആയി ചേർത്തതായി കാണുന്നുണ്ട്. സ്ഥലമാറ്റ ഉത്തരവിനോടനുബന്ധിച്ച ദിവസങ്ങളിൽ അവധി അനുവദിച്ചതുമൂലം ശ്രീമതി. അനീഷ ബി.എസ്. എന്നവർക്ക് ടി വിഷയം സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ. (ഇ.കെ.എ) നം. 19008/2023 കേസ് ഫയൽ ചെയ്യുന്നതിനുള്ള സാഹചര്യം സംജാതമായിട്ടുണ്ട്. പ്രധാനാധ്യാപികയുടെ ഭാഗത്ത് നിന്ന് വീഴ്ച് സംഭവിച്ചിട്ടുണ്ടെങ്കിലും, പ്രധാന അധ്യാപിക സ്ഥാനത്തുള്ള ടിയാളുടെ പരിചയക്കുറവും, ഭൂമിശാസ്ത്രപരമായി ഉന്നതാധികാരികളെ ബന്ധപ്പെടാൻ ഉള്ള പ്രയാസവും ഉള്ളതിനാൽ മനഃപ്പൂർവ്വമല്ലാത്ത തെറ്റായി കണക്കിലെടുക്കേണ്ടതുണ്ട്.

<u>ചാർജ്ജുകളിന്മേൽ കാരണങ്ങൾ വ്യക്തമാക്കികൊണ്ടുള്ള റിപ്പോർട്ട്</u> :

വയനാട് എരുമക്കൊല്ലി ഗവ. യു.പി. സ്കൂളിലെ അധ്യാപിക ആയിരുന്ന ശ്രീമതി. അനീഷ ബി.എസ്. എന്നവരുടെ സ്ഥലംമാറ്റ ഉത്തരവ് വൈത്തിരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വഴി 18.11.2023 ന് പ്രഥമാധ്യാപിക കൈപ്പറ്റുകയും 19.11.2023 ന് പ്രഥമാധ്യാപികയുടെ വീട്ടിൽ ചെന്ന് പ്രസ്തുത ഉത്തരവ് ശ്രീമതി. അനിഷ ബി.എസ് കൈപ്പറ്റിയിട്ടുമുണ്ട്. എന്നാൽ ടി ഉത്തരവിനോടൊപ്പം ശ്രീമതി. അനീഷ ബി.എസ് നെ പ്രസ്തുത സ്കൂളിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള നടപടികൾ പ്രധാനാധ്യാപികയായ ശ്രീമതി. സബിയ പി.പി സ്വീകരിച്ചിട്ടില്ല. ടി ഉത്തരവ് കൈപ്പറ്റിയതിനുശേഷം തുടർന്നുവരുന്ന രണ്ടു ദിവസങ്ങളിൽ ടിയാൾക്ക് ആകസ്മിക അവധി അനുവദിച്ചതിലൂടെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ സ്ഥലംമാറ്റ ഉത്തരവിനെതിരെ കോടതിയിൽ പോകുവാനും അനുകൂല വിധി നേടിയെടുക്കാനും പ്രഥമാധ്യാപികയുടെ ഈ നടപടിയിലൂടെ സാധ്യമായതായി കാണുന്നു. ഇത് പ്രഥമാധ്യാപികയുടെ പക്കൽ നിന്നുള്ള വീഴ്ചയാണ്. എന്നിരുന്നാലും പ്രധാനാധ്യാപിക സ്ഥാനത്തുള്ള ടിയാളുടെ പരിചയക്കുറവും, ഭൂമിശാസ്ത്രപരമായി ഉന്നതാധികാരികളെ ബന്ധപ്പെടാൻ പ്രയാസവും ഉള്ളതിനാൽ മനഃപ്പൂർവ്വമല്ലാത്ത തെറ്റായി കണക്കിലെടുക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി. സബിയ പി.പി. യ്ക്കെതിരെ പുറപ്പെടുവിച്ച കുറ്റപത്രത്തിൽ പരാമർശിച്ച ചാർജ്ജ് ഭാഗികമായി നിലനിൽക്കുന്നതാണ്.

5. ഔപചാരിക അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശാനുസരണം ജി.എച്ച്.എസ്.എസ് വടുവൻചാലിലേക്ക് ശ്രീമതി. അനീഷ.ബി.എസ് എന്നവരെ സ്ഥലം മാറ്റിയ ഉത്തരവ് വൈത്തിരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറിൽ നിന്നും പ്രധാനാദ്ധ്യാപിക ശ്രീമതി. സബിയ പി.പി. 18/11/2023 ന് നേരിട്ട് കൈപ്പറ്റിയെങ്കിലും ടിയാളെ വിടുതൽ ചെയ്യുന്നതിന് ശ്രീമതി സബിയ പി.പി-യുടെ ഭാഗത്ത് നിന്നും മന:പൂർവ്വമല്ലാത്ത വീഴ്ച സംഭവിച്ചിട്ടുണ്ട്. എന്നിരുന്നാലും ടിയാൾ റിട്ടയർ ചെയ്തതിനാലും സർക്കാരിന് മറ്റ് സാമ്പത്തികബാധ്യതയില്ലാത്തതിനാലും ടിയാൾക്കെതിരെ മറ്റ് അച്ചടക്കനടപടികൾ നിലവിലില്ലാത്തതിനാലും, സർക്കാർ തലത്തിൽ കെ.എസ്.ആർ ഭാഗം 3 ചട്ടം 3(b) പ്രകാരം ആരംഭിച്ച അച്ചടക്കനടപടിയിൽ നിന്നും ടിയാളെ ഒഴിവാക്കിയും, പ്രസ്തുത അച്ചടക്കനടപടി അവസാനിപ്പിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JUBAIR H

അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം), തിരുവനന്തപുരം

2. ശ്രീമതി സാബിയ പി.പി പ്രഥമാധ്യാപിക (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

4. വെബ് (ന്യൂ മീഡിയ/കൈറ്റ്സ്)

5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (GE-DA2/152/2024-G.EDN)

ഉത്തരവിൻ പ്രകാരം
Digitally signed by
Alen Alphonse
Date: 07-09-2026
10:51:58

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി,എ യ്ക്ക്